## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3080** 18-06-2019 -ൽ മറുപടി നൽകേണ്ടിയിരുന്നത്

### വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2017-18, 2018-19 എന്നീ വർഷങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ള ആകെ തുക എത്രയെന്ന് യഥാക്രമം വ്യക്തമാക്കുമോ ; | എ), | വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി എന്നൊരു നിധി നിലവിലില്ല. 2017-2018, 2018-2019 വർഷ കാലയളവുകളിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും സംസ്ഥാനം ഒട്ടാകെ പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി യഥാക്രമം 61,90,28,760/- (അറുപത്തിയൊന്ന് കോടി തൊണ്ണൂറ് ലക്ഷത്തി ഇരുപത്തെണ്ണായിരത്തി എഴുന്നൂറ്റി അറുപത് രൂപാ മാത്രം) രൂപയുടെയും 111,73,53,000/- (നൂറ്റി പതിനൊന്ന് കോടി എഴുപത്തിമൂന്ന് ലക്ഷത്തി അമ്പത്തി മൂവായിരം രൂപാ മാത്രം) രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | ടി വർഷങ്ങളിൽ യഥാക്രമം ഓരോ ജില്ലയ്ക്കും ഭരണാനുമതി നൽകിയ തുക എത്രവീതം എന്ന് വ്യക്തമാക്കുമോ ; | ബി), | വിവരം **അനുബന്ധം 1** ആയി ചേർക്കുന്നു. |
| സി) | ഇതിൽ എത്ര പ്രവൃത്തികൾ വീതം ഓരോ ജില്ലയിലും നടപ്പിലാക്കുവാൻ കഴിഞ്ഞുവെന്നും വിനിയോഗിക്കപ്പെട്ട തുക എത്രയെന്നും വ്യക്തമാക്കുമോ ; | സി), | 2017-2018, 2018-2019 വർഷ കാലയളവുകളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ നിന്നും പൂർത്തീകരിച്ച പ്രവൃത്തികളുടെയും ചെലവഴിച്ച തുകയുടെയും വിശദ വിവരം **അനുബന്ധം 2** ആയി ചേർക്കുന്നു. |
| ഡി) | വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ നിർവ്വഹണത്തിന് എന്തെങ്കിലും തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് തടസ്സം എന്നും വിശദമാക്കുമോ ; | ഡി) & ഇ) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും വെള്ളപ്പൊക്കം ഉൾപ്പടെയുള്ള അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തിര പുനസ്ഥാപനം / പുനരുദ്ധാരണം (immediate restoration of roads to restore traffic) മാത്രമാണ് അനുവദനീയമായിട്ടുള്ളത്. അപ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടുള്ള അടിയന്തിര പുനരുദ്ധാരണ പ്രവൃത്തികളുടെ നിർമ്മാണത്തിന് മറ്റ് തടസ്സങ്ങൾ ഒന്നും |
| ഇ) | ഇപ്രകാരമുള്ള തടസ്സങ്ങൾ | | |

| | | | |
|---|---|---|---|
| | നീക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | | തന്നെയില്ല. എന്നാൽ പ്രസ്തുത മാനദണ്ഡങ്ങൾക്ക് ഉപരിയായ പ്രവൃത്തികൾ സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ച് നിർവ്വഹിക്കുന്നതിന് കേന്ദ്ര മാനദണ്ഡപ്രകാരം നിലവിൽ അനുമതിയില്ല. പുതിയ ടാറിംഗ്, പുതിയ കോൺക്രീറ്റിംഗ്, സംരക്ഷണ ഭിത്തിയുടെ നിർമ്മാണം, ഓടകളുടെ നിർമ്മാണം, കവറിംഗ് സ്ലാബുകളുടെ നിർമ്മാണം പോലെയുള്ള പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് കേന്ദ്ര മാനദണ്ഡപ്രകാരം അനുമതി നൽകാനാകില്ല. കൂടാതെ പ്രസ്തുത മാനദണ്ഡപ്രകാരം ഗ്രാമീണ റോഡുകളുടെ അടിയന്തിര പുനരുദ്ധാരണത്തിൽ ഒരു കിലോമീറ്ററിന് 60,000/- രൂപയും (അറുപതിനായിരം രൂപാ മാത്രം) മേജർ റോഡുകളുടെ പുനരുദ്ധാരണത്തിന് ഒരു കിലോമീറ്ററിന് 1,00,000/- രൂപയും (ഒരു ലക്ഷം രൂപാ മാത്രം) മാത്രമാണ് അനുവദനീയം.<br>2018 ഏപ്രിൽ 1 മുതൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നൽകി വരുന്ന പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണത്തിനായി പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഒന്നര വർഷമായി നിജപ്പെടുത്തുകയും പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഭരണാനുമതി അനുവദിച്ചുകിട്ടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം ഭരണാനുമതി തീയതി മുതൽ 6 മാസത്തിനുള്ളിൽ കരാർ വച്ച് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കണമെന്നും അല്ലാത്ത പക്ഷം പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി റദ്ദാകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുമതി നൽകുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി കേന്ദ്ര മാനദണ്ഡങ്ങളിൽ സംസ്ഥാനത്തിന് ഇളവുകൾ അനുവദിക്കുന്നതിനായി കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**ഭരണാനുമതി തുക സംബന്ധിച്ച വിവരം**

| ക്രമ നം. | ജില്ല | ഭരണാനുമതി തുക (രൂപയിൽ) | |
|---|---|---|---|
| | | 2017-2018 | 2018-2019 |
| 1 | തിരുവനന്തപുരം | 3,45,87,000 | 10,03,63,000 |
| 2 | കൊല്ലം | 5,22,50,000 | 7,96,50,000 |
| 3 | പത്തനംതിട്ട | 1,12,50,000 | 3,33,95,000 |
| 4 | ആലപ്പുഴ | 1,58,00,000 | 4,86,00,000 |
| 5 | കോട്ടയം | 3,76,70,760 | 7,41,50,000 |
| 6 | ഇടുക്കി | 4,51,00,000 | 2,24,50,000 |
| 7 | എറണാകുളം | 3,98,25,000 | 9,69,00,000 |
| 8 | തൃശ്ശൂർ | 6,42,76,000 | 7,67,00,000 |
| 9 | പാലക്കാട് | 8,28,00,000 | 7,65,50,000 |
| 10 | മലപ്പുറം | 5,53,00,000 | 14,32,55,000 |
| 11 | കോഴിക്കോട് | 5,28,00,000 | 9,87,40,000 |
| 12 | വയനാട് | 1,57,00,000 | 4,91,00,000 |
| 13 | കണ്ണൂർ | 7,80,70,000 | 17,81,00,000 |
| 14 | കാസർഗോഡ് | 3,36,00,000 | 3,94,00,000 |
| | **ആകെ** | **61,90,28,760** | **111,73,53,000** |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

| ക്രമ നം. | ജില്ല | 2017-2018 | | 2018-2019 | |
|---|---|---|---|---|---|
| | | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | ചെലവഴിച്ച തുക (രൂപയിൽ) | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | ചെലവഴിച്ച തുക (രൂപയിൽ) |
| 1 | തിരുവനന്തപുരം | 20 | 74,79,142 | 6 | ബിൽ സമർപ്പിച്ചിട്ടില്ല |
| 2 | കൊല്ലം | 27 | 1,53,65,350 | 1 | 4,97,443 |
| 3 | പത്തനംതിട്ട | പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടില്ല | 0 | പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടില്ല | 0 |
| 4 | ആലപ്പുഴ | 14 | 68,00,000 | 7 | 34,65,000 |
| 5 | കോട്ടയം | 21 | 1,19,63,760 | പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടില്ല. | 0 |
| 6 | ഇടുക്കി | 6 | 28,52,072 | പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടില്ല. | 0 |
| 7 | എറണാകുളം | 8 | 34,69,941 | 3 | 7,81,929 |
| 8 | തൃശ്ശൂർ | 5 | 25,67,083 | പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടില്ല. | 0 |
| 9 | പാലക്കാട് | 8 | 40,00,000 | പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടില്ല. | 0 |
| 10 | മലപ്പുറം | 64 | 3,31,40,856 | 34 | 1,52,44,000 |
| 11 | കോഴിക്കോട് | 15 | 73,79,244 | 21 | 81,34,411 |
| 12 | വയനാട് | 3 | 24,00,000 | പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടില്ല. | 0 |
| 13 | കണ്ണൂർ | 51 | 2,87,23,416 | പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടില്ല. | 0 |
| 14 | കാസർഗോഡ് | 9 | 38,66,368 | പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടില്ല. | 0 |

(signature)
സെക്ഷൻ ഓഫീസർ